# കേരള കാർഷിക സർവ്വകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്-671310, 0467 226 0632, rarspil@kau.in

ബി2-4095/2024 തീയതി: 11.12.2024

### റീടെണ്ടർ നോട്ടീസ്

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2025 ജനവരി 1 മുതൽ 20 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ -2025' എന്ന പ്രദർശന മേളയുടെ ഭാഗമായി അമ്യൂസ്മെന്റ് പാർക്ക് ഏർപ്പാടാക്കുന്നതിന് ഇത്തരം പ്രവൃത്തികൾ നടത്തുന്ന ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ടെണ്ടർ പരസ്യ നമ്പർ | B2-4095/2024 |
| ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | 21.12.2024, 03.00 മണി |
| ടെണ്ടർ തുറക്കുന്ന തീയതി | 21.12.2024, 03.30 മണി |
| ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട് |
| ടെണ്ടർ അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | "അമ്യൂസ്മെന്റ് പാർക്കിനുള്ള ടെണ്ടർ |
| നിരത ദ്രവ്യം | 2000/- രൂപ |
| ടെണ്ടർ വില | ക്വോട്ട് ചെയ്യുന്ന തുകയുടെ 0.2% (കുറഞ്ഞത് 1000/- രൂപ) |
| ജി.എസ്.ടി | ടെണ്ടർ വിലയുടെ 18% |

- **അമ്യൂസ്മെന്റ് പാർക്ക് ഒരെണ്ണം ഏകദേശം അര ഏക്കർ സ്ഥലത്ത്**
- **അടിസ്ഥാന വില 1 – 1.5 ലക്ഷം രൂപ വരെ**

- അമ്യൂസ്മെന്റ് പാർക്കിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഐറ്റങ്ങളുടെ പട്ടിക നൽകേണ്ടതാണ്.
- പൊതുജനങ്ങളുടെ ജീവന് ഭീഷണിയുള്ള ഐറ്റങ്ങൾ ഒഴിവാക്കേണ്ടതാണ്.
- സുരക്ഷ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നൽകേണ്ട അനുമതിയും ടെണ്ടർ നൽകേണ്ടവർ നേടേണ്ടതാണ്.
- ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ടെണ്ടർ ലഭിക്കുന്ന ആൾക്കും കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ, ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- പ്രോഗ്രാം നടക്കുന്ന ദിവസങ്ങളിൽ രാവിലെ 11 മണിമുതൽ രാത്രി 8 മണിവരെ മാത്രമായിരിക്കും പ്രവർത്തന സമയം.
- ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപ് കേന്ദ്രത്തിലെ അമ്യൂസ്മെന്റ് പാർക്കിനുള്ള സ്ഥലം സന്ദർശിക്കാവുന്നതാണ്.

**ടെണ്ടർ സംബന്ധിച്ച മറ്റു നിബന്ധനകൾ**

- www.kau.in, rarspil.kau.in/tenders എന്നീ ലിങ്കിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്ത് മറ്റ് രേഖകൾ ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്.
- ടെണ്ടർ ലഭിക്കുന്നവർ ടെണ്ടർ തുകയുടെ 1/3 ശതമാനം ടെണ്ടർ അംഗീകരിച്ച് അന്നേദിവസം അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക **23.12.2024** -ന് മുൻപ് അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടെണ്ടർ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സ്ഥാപനത്തിന് മുതൽ കൂട്ടുന്നതും നിയമാനുസൃതമായ മറ്റു നടപടികൾ സ്വീകരിക്കുന്നതുമാണ്.
- അമ്യൂസ്മെന്റ് പാർക്കിന്റെ ടെണ്ടർ നൽകുന്നവർ ഉദ്ദേശിക്കുന്ന ഇനങ്ങൾ പ്രത്യേകം കാണിച്ചിരിക്കണം.
- ടെണ്ടർ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.
- സുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും ടെണ്ടർ ലഭിക്കുന്ന വ്യക്തിക്കായിരിക്കും.
- എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും ആവശ്യമായ ലൈസൻസും നേടിയ ശേഷമേ വിനോദ ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ പ്രവർത്തിപ്പിച്ച് തുടങ്ങാവൂ. ഇത് സംബന്ധിച്ചുള്ള എല്ലാ രേഖകളും **23.12.2024** -ന് മുൻപായി ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ്, പിലിക്കോടിന്റെ പേരിൽ മാറാവുന്ന SBI ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീത് ആയോ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ആദ്യം പൊതുലേലവും തുടർന്ന് ടെണ്ടർ തുറക്കുന്നതും, ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ പുനർ ലേലവും നടത്തുന്നതാണ്.
- ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ലൈസൻസ് നേടാതെയും പ്രവർത്തിക്കുന്ന പക്ഷം ലേലം നേടിയ ശേഷം എപ്പോഴാണെങ്കിലും ആയതിന്റെ പ്രവർത്തനാനുമതി മുന്നറിയിപ്പില്ലാതെ പിൻവലിക്കുന്നതും നിരതദ്രവ്യം, ലേലത്തുക എന്നിവ സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.
- കാരണം കാണിക്കാതെയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.
- 200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്.
- ടെണ്ടർ സമർപ്പിച്ചവർക്ക് ഏറ്റവും കൂടിയ നിരക്കിലുള്ള ടെണ്ടർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും.
- ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തി ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥനാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം സർവകലാശാലയിൽ മുതൽ കൂട്ടുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
- സർക്കാർ ടെണ്ടറിലെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.നികുതികൾ ബാധകമെങ്കിൽ അത് ടെണ്ടർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

- ടെണ്ടർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല.
- www.kau.in, rarspil.kau.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന ഫോർമാറ്റിലുള്ള 200/- രൂപയുടെ (ഇരുന്നൂറ് രൂപ മാത്രം) കേരള സ്റ്റാമ്പ് പേപ്പറിലുള്ള ഒരു എഗ്രിമെന്റും ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ടെണ്ടർ ഫോമിന്റെ വില, ജി.എസ്.ടി, ഇ.എം.ഡി എന്നിവ വെവ്വേറെ ഡി.ഡി ആയി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ടെണ്ടർ ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:. 0467 226 0632

ഒപ്പ്/-
ഡോ.വനജ .ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. വെബ്സൈറ്റ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ